# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് പതിനഞ്ച്

## രാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരം

## (3)

Sat ഒരു നല്ല രാഷ്ട്രമോ രാജ്യമോ ഉണ്ടായിരിക്കുന്നതിന് നല്ല ജനം ഉണ്ടായിരിക്കണം. ശരിയായ ഒരു രാജ്യത്തിന് ശരിയായ ജനം ആവശ്യമാണ്. അങ്ങനെ, സ്വർഗരാജ്യത്തിൽ ജീവിക്കുന്നത് എന്തു തരം ജനമാണെന്ന് സ്വർഗീയ രാജ്യത്തിന്റെ ഭരണഘടനയിൽ കർത്താവായ യേശു ഒന്നാമതായി വെളിപ്പെടുത്തുന്നു.

### രാജ്യജനത്തിന്റെ ആന്തരിക ആളത്തം

5:3-12-ലെ ഒമ്പത് അനുഗ്രഹങ്ങളും രാജ്യജനത്തിന്റെ സ്വഭാവത്തോട് ബന്ധപ്പെട്ടിരിക്കുന്നു. നാം എന്തുതരം ജനമാണെന്നത് നമ്മുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു. ഈ ഒമ്പത് അനുഗ്രഹങ്ങളുടെ ഓരോ വശവും ബാഹ്യമായ ഭൗതിക കാര്യങ്ങളോടല്ല, മുഖ്യമായും നമ്മുടെ ആന്തരിക ആളത്തത്തോടാണ് ഇടപെടുന്നത്. നമ്മുടെ ആന്തരിക ആളത്തത്തിനു പുറമെ ഈ വാക്യങ്ങൾ ബാഹ്യമായ ആവിഷ്കാരത്തോടും അല്പമായി ഇടപെടുന്നു. നീതിയുടെ ഉദാഹരണം എടുക്കുക. ഈ വാക്യങ്ങൾ നിങ്ങൾ ശ്രദ്ധാപൂർവം വായിക്കുമെങ്കിൽ, ഇവിടെ നീതി എന്നത് കേവലം ബാഹ്യമായ പെരുമാറ്റമല്ല എന്നു നിങ്ങൾ കാണും. മറിച്ച്, അത് ആന്തരിക ആളത്തത്തിന്റെ കവിഞ്ഞൊഴുക്ക്, അകമെ നാം എന്തായിരിക്കുന്നു എന്നതിന്റെ ആവിഷ്കാരമാണ്. അങ്ങനെ ഭരണഘടനയുടെ ഒന്നാമത്തെ ഭാഗം (5:1-12) രാജ്യജനത്തിന്റെ ആന്തരിക ആളത്തത്തോട് ഇടപെടുന്നു.

### നിർണ്ണായകമായ ഒമ്പതു വാക്കുകൾ

ഈ വാക്യങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ രാജ്യജനത്തിന്റെ സ്വഭാവം പരിഗണിക്കുന്ന കാര്യത്തിൽ, നിർണ്ണായകമായ ഒമ്പതു വാക്കുകൾ, ഒമ്പത് അനുഗ്രഹങ്ങളിൽ നിന്നും ഓരോന്നു വീതം, നാം ഓർത്തിരിക്കണം: ആത്മാവിൽ

ദരിദ്രരായവർ, വിലപിക്കുന്നവർ, സൗമ്യതയുള്ളവർ, നീതിക്കായി വിശന്നു ദാഹിക്കുന്നവർ, കരുണയുള്ളവർ, ഹൃദയശുദ്ധിയുള്ളവർ, സമാധാനമുണ്ടാക്കുന്നവർ, ഉപദ്രവിക്കപ്പെടുന്നവർ, നിന്ദിക്കപ്പെടുന്നവർ. രാജ്യജനം എന്തു തരം ജനമായിരിക്കണമെന്ന് ഈ വാക്കുകൾ വെളിപ്പെടുത്തുന്നു. അവർ എല്ലായ്പ്പോഴും ആത്മാവിൽ ദരിദ്രരും, ഇന്നത്തെ സാഹചര്യത്തെച്ചൊല്ലി വിലപിക്കുന്നവരും, എതിർപ്പിനെ അഭിമുഖീകരിക്കുന്നതിൽ സൗമ്യതയുള്ളവരും, തങ്ങളോടുതന്നെ നീതിയുള്ളവരും, മറ്റുള്ളവരോട് കരുണയുള്ളവരും, ദൈവത്തോട് നിർമ്മലരും, എല്ലാ മനുഷ്യരോടും സമാധാനമുള്ളവരും, നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവരും, ക്രിസ്തു നിമിത്തം നിന്ദിക്കപ്പെടുന്നവരും ആയിരിക്കണം. ഈ ഒമ്പത് പദങ്ങളുടെ ആകത്തുക രാജ്യജനത്തിന്റെ പ്രകൃതമാണ്.

## ആത്മാവിൽ ദരിദ്രരും വിലപിക്കുന്നവരും

ഈ വാക്യങ്ങളുടെ അനുക്രമം വളരെ പ്രധാനമാണ്. ഒന്നാമത് നാം ആത്മാവിൽ ദരിദ്രരായിരിക്കണം; അപ്പോൾ നമുക്ക് വിലപിക്കുവാൻ കഴിയും. നമ്മുടെ ആത്മാവിൽ നാം ദരിദ്രരല്ലെങ്കിൽ നമ്മുടെ ആളത്തത്തിനുള്ളിൽ തന്റെ രാജ്യം സ്ഥാപിക്കുന്നതിന് രാജാവിന് വരുവാൻ നമ്മിൽ ഇടമുണ്ടാകയില്ല. നമ്മുടെ ഉള്ളിൽ സ്വർഗീയരാജ്യം സ്ഥാപിച്ചിട്ടില്ലെങ്കിൽ, മുഴുവൻ ലോകവും എത്ര പ്രതീലോമപരവും ശോചനീയവുമാണെന്ന് മനസ്സിലാക്കുവാൻ നമുക്ക് കഴിയുകയില്ല. എന്നാൽ തന്റെ രാജ്യം നമ്മുടെ ഉള്ളിൽ സ്ഥാപിക്കുവാൻ കർത്താവായ യേശു പ്രാപ്തനാകുകയും, നമ്മുടെ മുഴു ആളത്തത്തിന്റെ എല്ലാ ഇടവും, നമ്മുടെ ആത്മാവെന്ന നമ്മുടെ ആളത്തത്തിന്റെ ആഴമേറിയ ഭാഗവും, അവന് ലഭ്യമാകുകയും ചെയ്യുമ്പോൾ, ഭൂമി ഇരുണ്ടതും, ദുഷിച്ചതും, പാപാംകൊണ്ട് നിറഞ്ഞതുമാണെന്ന് നാം തിരിച്ചറിയും. പൊടുന്നനെ ഈ ദുഃഖകരമായ സാഹചര്യത്തെച്ചൊല്ലി നാം വിലപിക്കും. ഇക്കാരണത്താൽ, ആദ്യം വിലപിക്കുന്നതിനെക്കുറിച്ചും പിന്നീട് ആത്മാവിൽ ദരിദ്രരായിരിക്കുന്നതിനെക്കുറിച്ചും കർത്താവായ യേശു പറഞ്ഞില്ല. നമ്മുടെ ആത്മാവിൽ ദരിദ്രരായിരിക്കുന്ന കാര്യം അവൻ ആദ്യം പറഞ്ഞു. നമ്മുടെ ആത്മാവിൽ ദരിദ്രരായിരിക്കുമ്പോൾ മാത്രമേ നമുക്ക് വിലപിക്കുവാൻ കഴിയുകയുള്ളൂ.

## വിലപിക്കുന്നവരും സൗമ്യതയുള്ളവരും

നാം ആത്മാവിൽ ദരിദ്രരും, മറ്റുള്ളവരുടെ ശോചനീയമായ സാഹചര്യത്തെച്ചൊല്ലി വിലപിക്കുന്നവരുമാണെങ്കിൽ, സ്വമേധയാ നാം സൗമ്യത ഉള്ളവരായിരിക്കും. നിങ്ങളുടെ അമ്മായിയമ്മ ശോചനീയമായ ഒരു അവസ്ഥയിലാണെങ്കിൽപോലും

അങ്ങനെയാണെന്ന് അവളോട് പറയരുത്. നിങ്ങളുടെ പ്രിയ ഭാര്യയുടെ അവസ്ഥപോലും കർത്താവിന്റെ ദൃഷ്ടിയിൽ അത്ര അനുലോമകരമല്ലായിരിക്കാം. അവളുടെ ഹൃദയവും അവളുടെ താല്പര്യങ്ങളും കർത്താവിനു വേണ്ടിയല്ലാതിരിക്കുകയും, അവൾ കർത്താവിന്റെ രാജ്യത്തിനുവേണ്ടി കരുതാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അവളുടെ അവസ്ഥ ശോചനീയമാണ്. നിങ്ങളുടെ ആത്മാവിൽ സ്വർഗീയ രാജ്യത്തോടുകൂടെ കർത്താവായ യേശു ഉണ്ടെങ്കിലും, നിങ്ങളുടെ ഭാര്യയുടെ കാര്യം എങ്ങനെയാണ്? നിങ്ങൾ ഏറ്റവും ഉയർന്ന സ്വർഗത്തിലും, എന്നാൽ അവൾ ഏറ്റവും താണ നരകത്തിലും ആയിരിക്കാം. കൂടാതെ, നിങ്ങളുടെ മക്കളെ പരിഗണിക്കുക. കർത്താവിനെ നിങ്ങൾ അങ്ങേയറ്റം സ്നേഹിക്കുന്നു, എന്നാൽ അവർ അവനെ ഒട്ടും സ്നേഹിക്കുന്നുണ്ടാവില്ല. അതുകൊണ്ട്, നിങ്ങളുടെ അമ്മാവിയമ്മയ്ക്കും, നിങ്ങളുടെ ഭാര്യക്കും, നിങ്ങളുടെ മക്കൾക്കുംവേണ്ടി നിങ്ങൾ വിലപിക്കണം. നിങ്ങളുടെ ബന്ധുക്കൾക്കും, നിങ്ങളോടൊപ്പം ജോലിചെയ്യുന്നവർക്കും, നിങ്ങളുടെ അയൽവാസികൾക്കും വേണ്ടിയും നിങ്ങൾ വിലപിക്കണം. എവിടെയാണ് വാസ്തവമായും കർത്താവിനുവേണ്ടിയുള്ള ഒരുവൻ? ക്രിസ്തുമതത്തിന്റേതുൾപ്പെടെ ഇന്നത്തെ ലോകത്തിന്റെ പരിതാപകരമായ അവസ്ഥയെ നോക്കുക. കച്ചവടക്കാർ പണത്തിനുവേണ്ടി മാത്രം കരുതുകയും, വിദ്യാർഥികൾ അവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി മാത്രം കരുതുകയും, ജോലിക്കാർ ജോലിക്കയറ്റത്തിനും സ്ഥാനങ്ങൾക്കും വേണ്ടി മാത്രം കരുതുകയും ചെയ്യുന്നു. നാം ആത്മാവിൽ ദരിദ്രരായിരിക്കുമ്പോൾ നാം തീർച്ചയായും മുഴുവൻ സാഹചര്യത്തിനും വേണ്ടി വിലപിക്കും. നമ്മുടെ പരിതഃസ്ഥിതിക്കു വേണ്ടിയും നമുക്കു ചുറ്റുമുള്ള ജനത്തിനുവേണ്ടിയും നാം വിലപിക്കും.

മറ്റുള്ളവർക്കുവേണ്ടി നാം വിലപിക്കുന്നതുകൊണ്ട്, നാം അവരോട് പോരടിക്കുകയില്ല. അവരോട് പോരടിക്കുന്നതിനുപകരം നാം അവരോട് സൗമ്യത ഉള്ളവരായിരിക്കും. നിങ്ങളുടെ ഭാര്യയോട് നിങ്ങൾ ഇതുവരെ സൗമ്യനല്ലെങ്കിൽ, സ്വർഗരാജ്യം നിങ്ങളെ കൈവശപ്പെടുത്തിയിട്ടില്ല എന്ന് അത് വെളിപ്പെടുത്തുന്നു. ഇതു സൂചിപ്പിക്കുന്നത് മറ്റു കാര്യങ്ങൾ നിങ്ങളെ ഇപ്പോഴും കൈവശപ്പെടുത്തിയിരിക്കുന്നു എന്നാണ്. സ്വർഗരാജ്യം നിങ്ങളെ പൂർണ്ണമായി കൈവശപ്പെടുത്തിയിട്ടുണ്ടെങ്കിൽ, നിങ്ങളുടെ ഭാര്യക്കുവേണ്ടി നിങ്ങൾ വിലപിക്കുകയും അവളോട് സൗമ്യതയുള്ളവനായിരിക്കുകയും ചെയ്യും. ശോചനീയരായ ഓരോ വ്യക്തിയോടും നിങ്ങൾ സൗമ്യതയുള്ളവനായിരിക്കും. നിങ്ങൾ ഒരു വിദ്യാർഥിയാണെങ്കിൽ, നിങ്ങളുടെ അധ്യാപകരോടും സഹപാഠികളോടും നിങ്ങൾ സൗമ്യതയുള്ളവനായിരിക്കും. മറ്റുള്ളവരുടെ ശോചനീയമായ സാഹചര്യത്തെക്കുറിച്ച് ഉള്ളിൽ ആഴമായ ഒരു അനുഭൂതി

നിങ്ങൾക്കുള്ളതുകൊണ്ട് അവരോട് നിങ്ങൾ സൗമ്യതയുള്ളവനായിരിക്കും. വിലപിക്കുന്ന രീതിയിൽ നിങ്ങൾ അവർക്കുവേണ്ടി പ്രാർഥിക്കുകയായിരുന്നതുകൊണ്ട്, അവരെ ബന്ധപ്പെടുമ്പോഴെല്ലാം നിങ്ങൾ സൗമ്യതയുള്ളവനായിരിക്കും.

## സൗമ്യതയെക്കുറിച്ച് ഒരു വാക്ക്

സൗമ്യതയെക്കുറിച്ച് പിന്നെയും ഒരു വാക്ക് ഞാൻ പറയട്ടെ. ജഡരക്തങ്ങളോടല്ല, പിന്നെയോ ദൈവത്തിന്റെ ശത്രുവായ പിശാചിനോടാണ് നാം പോരാടുന്നതെന്ന് പുതിയനിയമം നമ്മോടു പറയുന്നു. ദൈവത്തിന്റെ ശത്രുവായ പിശാചിനോട് രാപ്പകൽ നാം പോരാടണം. എന്നാൽ ജനത്തോട്, നമ്മെ എതിർക്കുന്നവരോടുപോലും, നാം പോരാടരുത്. എതിരാളികളും എതിർക്കുന്നവരുമുൾപ്പെടെ, എല്ലാ മനുഷ്യരോടും നാം സൗമ്യതയുള്ളവരായിരിക്കണം. സാത്താനോടും ആകാശത്തിലെ വാഴ്ചകളോടും നാം പോരാടുന്നുവെങ്കിലും, ജനത്തോട് നാം പോരാടുന്നില്ല. പകരം, നാം അവരെയല്ലാം സ്നേഹിക്കുന്നു. യുവാക്കളേ, വിദ്യാർഥികളോട് പോരാടുവാൻ ക്യാമ്പസുകളിൽ പോകരുത്. "ഞങ്ങൾ വിദ്യാർഥികളെ പരാജയപ്പെടുത്തി ഭൂമിയെ കൈവശമാക്കും" എന്ന് ഒരിക്കലും പറയരുത്. പോരാടുവാൻ ക്യാമ്പസുകളിൽ പോകരുത്—സൗമ്യരായിരിക്കുവാൻ അവിടെ പോകുക. ഉപദ്രവിക്കുന്നവൻ നമ്മുടെ വലത്തെ കവിളിൽ അടിച്ചാൽ ഇടത്തേ കവിളും കാണിച്ചുകൊടുക്കുവോളം നാം സൗമ്യതയുള്ളവരായിരിക്കണം. സൗമ്യതയുള്ളവരായിരിക്കുകയെന്നാൽ എതിർക്കുകയോ തിരിച്ച് പോരാടുകയോ ചെയ്യാതിരിക്കുന്നതാണ്. എങ്കിലും, നമ്മുടെ ഇടത്തേ കവിൾ കാണിച്ചുകൊടുക്കുമ്പോൾ നാം ഇങ്ങനെ പ്രാർഥിക്കണം, "കർത്താവേ, അന്ധകാരശക്തികളെ ബന്ധിക്കേണമേ!" മറ്റുള്ള ജനത്തോട് നാം സൗമ്യതയുള്ളവരായിരിക്കുമ്പോൾത്തന്നെ അന്ധകാരശക്തികളോട് നാം പോരാടണം. ജനമല്ല ശത്രു; അത് സാത്താനും, ആകാശത്തിലെ ദുഷ്ടാത്മശക്തികളായ അവന്റെ ദൂതന്മാരുമാണ്.

## നീതിക്കായി വിശന്നും ദാഹിച്ചുമിരിക്കുന്നത്

മറ്റുള്ളവരോട് നാം സൗമ്യരായിരിക്കുമ്പോൾത്തന്നെ നാം നീതിക്കായി വിശന്നും ദാഹിച്ചും ഇരിക്കുന്നവരായിരിക്കണം. എല്ലാവരുമായും നാം നേരുള്ളവരായിരിക്കണം. നമ്മുടെ മാതാപിതാക്കളോടും, നമ്മുടെ ഭർത്താവിനോടും അഥവാ ഭാര്യയോടും, നമ്മുടെ മക്കളോടും, നമ്മുടെ മരുമക്കളോടും, നമ്മുടെ ബന്ധുക്കളോടും, നമ്മുടെ അയൽവാസികളോടും നാം നേരുള്ളവരായിരിക്കണം. സ്വർഗീയ രാജ്യത്തിന്റെ ജനം ഈ രീതിയിൽ നീതിയുള്ളവരാണ്. നാം വിലപിക്കുന്നവരും സൗമ്യരുമാണെങ്കിൽ,

നമുക്ക് അയഞ്ഞവരായിരിക്കുവാൻ കഴിയുമെന്ന് ചിന്തിക്കരുത്. ഇല്ല, ഉന്നതമായ നീതിക്കുവേണ്ടി നാം വിശപ്പും ദാഹവും ഉള്ളവരായിരിക്കണം.

## നമ്മോട് നീതിയുള്ളവരും, മറ്റുള്ളവരോട് കരുണയുള്ളവരും ആയിരിക്കുക

നീതിയുടെ കാര്യത്തിൽ നമ്മോടുതന്നെ നാം കർക്കശക്കാരായിരിക്കണമെങ്കിലും, മറ്റുള്ളവരോട് കരുണയുള്ളവരായിരിക്കുവാനും, അവരുടെമേൽ ആവശ്യങ്ങൾ വയ്ക്കാതിരിക്കുവാനും നാം പഠിക്കണം. മറ്റുള്ളവരുടെമേൽ ആവശ്യങ്ങൾ വയ്ക്കുന്നത് ഏതൊരു ക്രിസ്ത്യാനിയെ സംബന്ധിച്ചും തെറ്റാണ്. നിങ്ങളോടുതന്നെ നിങ്ങൾ വാസ്തവമായി കർക്കശതയുള്ളവരാണെങ്കിൽ മറ്റുള്ളവരോട് കരുണയുള്ളവനായിരിക്കേണ്ടത് എങ്ങനെയെന്ന് നിങ്ങൾ അറിയും. എന്നാൽ ആദ്യം നിങ്ങളോടുതന്നെ നീതിയുള്ളവനായിരിക്കാതെ മറ്റുള്ളവരോട് കരുണയുള്ളവനായിരിക്കുവാൻ ശ്രമിക്കരുത്. അലസനായ ഏതൊരു വ്യക്തിയും മറ്റുള്ളവരോട് കരുണയുള്ളവനാണ്, കാരണം അവൻ തന്നോടുതന്നെ കരുണയുള്ളവനാണ്. അവൻ എല്ലാ ദിവസവും രാവിലെ അധികസമയം ഉറങ്ങുന്നവനാണെങ്കിൽ, അങ്ങനെ ഉറങ്ങുന്നവരോട് അവൻ കരുണയുള്ളവനായിരിക്കും. ഇത്തരത്തിലുള്ള കരുണ കരുണയേയല്ല; ഇത് തികച്ചും തെറ്റാണ്. അലസരായ ആർക്കും എങ്ങനെ മറ്റുള്ളവരോട് കരുണയുള്ളവരായിരിക്കണമെന്ന് അറിയില്ല. കർക്കശക്കാരനായ ഒരു വ്യക്തിക്ക്, നീതിമാനായ ഒരു വ്യക്തിക്കു മാത്രമേ, എങ്ങനെ കരുണയുള്ളവനായിരിക്കണമെന്ന് അറിയുകയുള്ളൂ. അഞ്ചാമത്തെ അനുഗ്രഹമനുസരിച്ച് നിങ്ങൾ മറ്റുള്ളവരോട് കരുണുയുള്ളവനായിരിക്കണമെങ്കിൽ, നാലാമത്തെ അനുഗ്രഹമനുസരിച്ച് നിങ്ങൾ ആദ്യം നിങ്ങളോടുതന്നെ നീതിയുള്ളവനായിരിക്കണം.

നമുക്കുവേണ്ടിത്തന്നെ ഒരിക്കലും ഒഴികഴിവുകൾ ഉണ്ടാക്കാതെ നമ്മോടുതന്നെ നാം നീതിയുള്ളവരും കർക്കശക്കാരും ആയിരിക്കണം. എന്നാൽ തങ്ങളുടെ കുറവ് തുറന്നുകാണിച്ചുകൊണ്ട് മറ്റുള്ളവർ നമ്മെ നീരസപ്പെടുത്തുമ്പോൾ നാം അവരോട് കരുണയുള്ളവരായിരിക്കണം. സ്വയ-നീതിയുള്ളവർ മറ്റുള്ളവരെ കുറ്റംവിധിക്കുകയും അവരെ ഒരിക്കലും പോകുവാൻ അനുവദിക്കാത്തവരുമാണ്. മലമുകളിൽവച്ച് കർത്താവു സംസാരിച്ച വാക്ക് ഇതിൽനിന്നും തികച്ചും വ്യത്യസ്തമാണ്. നമ്മോട് നാം നീതിയുള്ളവരും കർക്കശക്കാരും, ഗൗരവമുള്ളവരും സുബോധമുള്ളവരും ആയിരിക്കണം. എന്നാൽ മറ്റുള്ളവരോട് നാം കരുണയുള്ളവരായിരിക്കണം. തന്നിൽത്തന്നെ ദൈവം നീതിയുള്ളവനാണ്. എന്നാൽ, നമ്മോട് ഇടപെടുന്നതിൽ അവൻ അങ്ങേയറ്റം നീതിമാനായിരുന്നുവെങ്കിൽ, നാം എല്ലാവരും

കൊല്ലപ്പെടുമായിരുന്നു. തന്നോടുതന്നെയുള്ള ബന്ധത്തിൽ ദൈവം നീതിമാനാണെങ്കിലും, നമ്മോട് ഇടപെടുന്നതിൽ അവൻ കരുണ നിറഞ്ഞവനാണ്. വീണുപോയ പാപികളെന്ന നിലയിൽ നമുക്ക് തീർച്ചയായും ദൈവത്തിന്റെ കരുണ ആവശ്യമാണ്. നമ്മോടുതന്നെ നീതിയുള്ളവരായിരിക്കുവാനും മറ്റുള്ളവരോട് കരുണയുള്ളവരായിരിക്കുവാനും നാം പഠിക്കണം. നമ്മോടുതന്നെ നീതിയുള്ളവരായിരിക്കുകയും, മറ്റുള്ളവരോട് കരുണയുള്ളവരായിരിക്കുകയും ചെയ്യുകയെന്ന ഈ വിഷയം ഒന്നാമതായി ബാഹ്യമായ പെരുമാറ്റത്തിന്റെ ഒരു കാര്യമല്ല; അത് ഒന്നാമത് നമ്മുടെ ആന്തരിക മനോഭാവത്തിന്റെ, നമ്മുടെ ആന്തരിക ആളത്തത്തിന്റെ കാര്യമാണ്.

സഭയിലെ ഒരു മൂപ്പനെന്ന നിലയിലോ സഹോദരസദനത്തിലെ ഒരു സഹോദരനെന്ന നിലയിലോ ഒരു സഹോദരൻ നേതൃത്വമെടുക്കുമ്പോൾ, നിങ്ങളോടുതന്നെ കർക്കശമുള്ളവനായിരിക്കുമ്പോൾത്തന്നെ മറ്റുള്ളവരോട് കരുണയുള്ളവനായിരിക്കുന്നത് പ്രയാസകരമാണെന്നു നിങ്ങൾ കണ്ടെത്തിയേക്കാം. ഒരു നിശ്ചിത സമയത്ത് എല്ലാവരും വീട്ടിലെത്തണമെന്നു കരുതുക. ആ സമയത്തിനുശേഷം വരുന്നത് നീതിയല്ല. അതുപോലെ, മറ്റുള്ളവരെ അസൗകര്യപ്പെടുത്തുന്നതും ശരിയല്ല. എങ്കിലും, ചില ചെറുപ്പക്കാർ വരുമ്പോൾ അവരുടെ ചെരുപ്പുകൾ അവർക്കു തോന്നുന്നിടത്ത് വലിച്ചെറിയാൻ അവർ ഇഷ്ടപ്പെടുന്നു. ഒരു കൂട്ടുവേലക്കാരനും, പ്രസംഗകനും വേദപുസ്തക ഉപദേഷ്ടാവുമായ ഒരു സഹോദരനെ എനിക്കറിയാം; മുറിയിൽ എവിടെ വീഴുന്നു എന്നതിനെക്കുറിച്ച് യാതൊരു വിചാരവുമില്ലാതെ അവൻ തന്റെ സോക്സ് വലിച്ചെറിയുമായിരുന്നു. ഒരു സമയത്ത് ഈ സഹോദരനും ഞാനും ഒരു വീട്ടിൽ അതിഥികളായിരുന്നു. ആശങ്കയുള്ളവളായിത്തീർന്നിട്ട് ആതിഥേയ ഈ സഹോദരന്റെ ചാപല്യതയെക്കുറിച്ച് എന്നോടു സംസാരിച്ചു. അത് എനിക്ക് എത്ര ലജ്ജാകരമായിരുന്നു! സഹോദരസദനത്തിൽ വസിക്കുന്ന ചില സഹോദരന്മാർ ഇതേ രീതിയിൽ പ്രവർത്തിച്ചേക്കാം.

മറ്റു ചില സഹോദരന്മാർ പാത്രങ്ങൾ കഴുകുന്ന കാര്യത്തിൽ അസന്തുഷ്ടരായിരിക്കാം; അതുകൊണ്ട്, അവർ നല്ലവണ്ണം പാത്രങ്ങൾ കഴുകുകയില്ല. ഇത് നീതിയല്ല. മറ്റുള്ളവരെ മുതലെടുക്കുന്നത്, അവരുടെ അവകാശങ്ങൾ കവർന്നെടുക്കുന്നത് ഒരിക്കലും നീതിയല്ല. പാത്രങ്ങൾ കഴുകുന്നതിൽ ശരിയാംവണ്ണം ആ ജോലി ചെയ്യാതിരിക്കുന്നത് മറ്റുള്ളവരെ മുതലെടുക്കുന്നതാണ്. നിങ്ങൾ അങ്ങനെയുള്ള ഒരുവനാണെങ്കിൽ, നിങ്ങൾ നീതിമാനായ ഒരു വ്യക്തിയല്ല. സഹോദരസദനത്തിൽ നിങ്ങൾ ഉത്തരവാദിത്തമുള്ളവനാണെങ്കിൽ, സമയത്തെക്കുറിച്ചും, വാചാലതയെക്കുറിച്ചും, ശബ്ദത്തെക്കുറിച്ചും, പാത്രങ്ങൾ കഴുകുന്നതിനെക്കുറിച്ചും,

മറ്റനേകം കാര്യങ്ങളെക്കുറിച്ചും നിങ്ങളോടുതന്നെ കർക്കശക്കാരനായിരിക്കണം. ഇത് അധികമായിപ്പോയെന്നു പറയരുത്. ഇത് അധികമായിപ്പോയെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടാകാം, എന്നാൽ നിങ്ങളുടെ ഉള്ളിൽ വസിക്കുന്ന ക്രിസ്റ്റുവിന് ഇത് അധികമല്ല. നിങ്ങൾ ചെയ്യുന്ന ഏതു കാര്യത്തിലും നിങ്ങളോടുതന്നെ നിങ്ങൾ കർക്കശക്കാരനായിരിക്കണം.

എന്നാൽ, സഹോദരസദനത്തിലോ സഭാജീവിതത്തിന്റെ ഏതെങ്കിലും I വശത്തിലോ നേതൃത്വമെടുക്കുന്നവനെന്ന നിലയിൽ നിങ്ങൾ കരുണയുള്ളവനും ആയിരിക്കണം. ചിലപ്പോൾ ഒരു ഉത്തരവാദിത്തം എടുക്കുന്നവൻ അലസനായ ഒരുവന്റെ പാത്രംകഴുകലിനെക്കുറിച്ച് അവനോട് ഇങ്ങനെ മുന്നറിയിപ്പുകൊടുത്തേക്കാം, "നീ പാത്രം കഴുകുന്ന രീതിയെക്കുറിച്ച് നിനക്കുള്ള ഒന്നാമത്തെ മുന്നറിയിപ്പാണിത്. രണ്ടു മുന്നറിയിപ്പുകൾകൂടി ഉണ്ടായാൽ നീ പുറത്തുപോകേണ്ടിവരും." നിങ്ങളുടെ സഹോദരനോട് എത്ര പ്രാവശ്യം ക്ഷമിക്കണമെന്നതിനെക്കുറിച്ചുള്ള കർത്താവായ യേശുവിന്റെ വാക്ക് ഓർക്കുക (18:21-22). നിങ്ങൾ നിരവധി തവണ സംസാരിച്ചശേഷവും ഒരു സഹോദരൻ പാത്രങ്ങൾ നന്നായി കഴുകുന്നില്ലെങ്കിൽപോലും, നിങ്ങൾ അപ്പോഴും അവനോട് കരുണയുള്ളവനായിരിക്കണം. അങ്ങനെയുള്ള അലസനും ശോചനീയനുമായ ഒരു സഹോദരനെപ്പോലും ഓടിച്ചുകളയരുത്. പകരം അവനോട് കരുണയുള്ളവനായിരിക്കുക. ഇതിനർഥം "ഈ സഹോദരനോട് കരുണയുള്ളവനായിരിക്കണം എന്നു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. അതുകൊണ്ട്, ഇപ്പോൾ മുതൽ അവൻ പാത്രങ്ങൾ കഴുകുന്ന രീതിയെക്കുറിച്ച് അവനോട് ഞാൻ ഒരിക്കലും സംസാരിക്കുകയില്ല. അവൻ ആഗ്രഹിക്കുന്ന രീതിയിൽ അവൻ പാത്രങ്ങൾ കഴുകിക്കോട്ടെ. അവനെ നിർത്തേണ്ടതിന് നാം അവനെ സഹിക്കേണ്ടിയിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് അതിന് വിപരീതമായ അറ്റത്തേക്കു പോകണമെന്നല്ല. ഈ മനോഭാവവും ശരിയല്ല. ദിവസംപ്രതി അലസനായ ഈ സഹോദരനെ നിങ്ങൾ കരുതണം. മുറപ്രകാരം അവൻ പാത്രം കഴുകട്ടെ. എന്നാൽ അവൻ ഇങ്ങനെ ചെയ്യുന്ന ഓരോ സമയത്തും നിങ്ങൾ അവനോട് ക്ഷമയുള്ളവനും കരുണയുള്ളവനും ആയിരിക്കണം.

കർക്കശക്കാരനോ അലസനോ ആയിരിക്കുന്നത് നമുക്ക് എളുപ്പമാണ്. എന്നാൽ ഒരുവശത്ത് കർക്കശക്കാരനായിരിക്കുവാനും മറുവശത്ത് കരുണയുള്ളവനായിരിക്കുവാനും നാം പഠിക്കണം. കർശനമായ ഒരു ഇടപെടൽ നാം മറ്റുള്ളവർക്ക് നൽകുന്നുവെങ്കിൽ, ഉടനെതന്നെ നാം അവരോട് കരുണയുള്ളവരായിരിക്കണം. മൂപ്പന്മാർ പഠിക്കേണ്ട ഒരു പ്രധാന പാഠമാണിത്. രാജ്യജനം നീതിയും കരുണയുമുള്ളവരാണ്. നിങ്ങൾ

നീതിമാനായിരിക്കുമ്പോൾ പൂർണ്ണമായും നീതിമാനായിരിക്കണം. നിങ്ങൾ കരുണയുള്ളവനായിരിക്കുമ്പോൾ വളരെ കരുണയുള്ളവനായിരിക്കണം. നീതിയും കരുണയും രണ്ട് എതിർ ധ്രുവങ്ങളാണെങ്കിലും, നിങ്ങളുടെ അനുഭവത്തിൽ അത് സന്ധിക്കണം. നിങ്ങളുടെ നീതി നിങ്ങളുടെ കരുണയുമായി കൂടിവരണം.

## ഹൃദയശുദ്ധിയും ദൈവത്തെ കാണുന്നതും

മത്തായി 5-ലെ അനുഗ്രഹങ്ങളുടെ ക്രമമനുസരിച്ച് ഹൃദയശുദ്ധിയുള്ളവനായിരിക്കുന്നത് മറ്റുള്ളവരോട് കരുണ കാണിക്കുന്നതിനുശേഷം വരുന്നു. ഇതും നമ്മുടെ അനുഭവത്തോട് ചേർന്നുവരുന്നു. നിങ്ങളോടുതന്നെ നിങ്ങൾ നീതിയില്ലാത്തവനും മറ്റുള്ളവരോട് കരുണയില്ലാത്തവനുമാണെങ്കിൽ, ദൈവത്തോട് ഹൃദയശുദ്ധിയുള്ളവനായിരിക്കുന്നത് പ്രയാസമാണെന്ന് നിങ്ങൾ കണ്ടെത്തും. ദൈവത്തോട് ഹൃദയശുദ്ധിയുള്ളവനായിരിക്കുന്നതിന് നിങ്ങളോടുതന്നെയുള്ള ഇടപെടലിൽ നിങ്ങൾ കർക്കശക്കാരനായിരിക്കുകയും മറ്റുള്ളവരോട് ഇടപെടുന്നതിൽ കരുണയുള്ളവനായിരിക്കുകയും വേണം. യുക്തിയെ സംബന്ധിച്ചിടത്തോളം, ഇതിന് യാതൊരു കാരണവും ഇല്ലെന്നു തോന്നുന്നു. എന്നാൽ അത് അങ്ങനെയാണെന്ന് നമ്മുടെ പ്രായോഗിക അനുഭവം തെളിയിക്കുന്നു. നിങ്ങളോടുതന്നെ നിങ്ങൾ നേരുള്ളവനും മറ്റുള്ളവരോട് കരുണയുള്ളവനും അല്ലെങ്കിൽ, നിങ്ങൾ ഒരിക്കലും ദൈവത്തോട് നിർമ്മലനായിരിക്കുകയില്ല. സഭകളിൽ നമ്മോടുകൂടെയുള്ള ചിലരെങ്കിലും ഞാൻ ഇവിടെ എന്താണ് പറയുന്നതെന്നതിനെക്കുറിച്ച് അനുഭവമുള്ളവരാണെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മോടുതന്നെ കർക്കശക്കാരായിരിക്കുന്നതിനെയും, നമുക്കായിത്തന്നെ യാതൊരു ഒഴികഴിവും ഉണ്ടാക്കാത്തവരായിരിക്കുന്നതിനെയും കുറിച്ചുള്ള പാഠം വർഷങ്ങളായി നാം പഠിച്ചിട്ടുണ്ട്. എന്നാൽ മറ്റുള്ളവരോട്, പ്രത്യേകിച്ചും ബലഹീനരായിരിക്കുന്നവരോട്, കരുണയുള്ളവരായിരിക്കുന്നതിനെക്കുറിച്ചും നാം പഠിച്ചിട്ടുണ്ട്. തൽഫലമായി, നമ്മുടെ ഹൃദയം ദൈവത്തെ അന്വേഷിക്കുന്നതിൽ നിർമ്മലമാണ്. നമ്മോടുതന്നെ നാം കർക്കശക്കാരും മറ്റുള്ളവരോട് കരുണയുള്ളവരും ആയിരിക്കുമ്പോൾ നാം ദൈവത്തെ കാണുന്നു. എന്നാൽ നമ്മോടുതന്നെ അയഞ്ഞവരായിരിക്കുകയും മറ്റുള്ളവരെ കുറ്റംവിധിക്കുകയും ചെയ്യുമ്പോൾ നമ്മുടെ കണ്ണുകൾ തികച്ചും അന്ധമായിരിക്കുകയും നാം ദൈവത്തെ കാണാതിരിക്കുകയും ചെയ്യുന്നു. നിങ്ങളോടുതന്നെ നിങ്ങൾ ക്ഷമിക്കുകയും, എന്നിട്ടും മറ്റുള്ളവരുടെമേൽ ആവശ്യങ്ങൾ വയ്ക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങളുടെ ഹൃദയം ശുദ്ധമല്ല. ദൈവത്തോടുള്ള ഒരു ശുദ്ധഹൃദയം വരുന്നത് നിങ്ങളോടു തന്നെയുള്ള കർക്കശമായ

ഇടപെടലുകളിൽനിന്നും മറ്റുള്ളവരുമായുള്ള കരുണാർദ്രമായ ഇടപെടലുകളിൽനിന്നും മാത്രമാണ്.

സഭകളിൽപോലും, നിരവധി വിശുദ്ധന്മാർ എല്ലായ്പ്പോഴും തങ്ങളോടുതന്നെ ക്ഷമിക്കുകയും, മറ്റുള്ളവരുടെമേൽ ആവശ്യങ്ങൾ വയ്ക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, കഴിഞ്ഞ രാത്രി വളരെ ദൂരത്തുനിന്നും ഒരു ഫോൺ വന്നിരുന്നു എന്നു പറഞ്ഞുകൊണ്ട് രാവിലെ അധികസമയം ഉറങ്ങുന്നതിനോട് അവർ ക്ഷമിക്കുന്നു. എന്നാൽ ഒരു സഹോദരൻ രാവിലത്തെ പ്രഭാത ജാഗരണത്തിൽ വന്നില്ല എന്നു കേൾക്കുമ്പോൾ, അവർ പറയും, "അവൻ എന്തുകൊണ്ട് വന്നില്ല? സഹോദരസദനത്തിലെ ഉത്തരവാദമുള്ളവനെന്ന നിലയിൽ അവൻ രാവിലെ നേരത്തേ ഉണരണം." ഇങ്ങനെയുള്ള ഒരു വ്യക്തിയുടെ കണ്ണുകൾ അന്ധമാണ്; അവന്റെ ഹൃദയം ശുദ്ധമല്ലെന്ന് അതു സൂചിപ്പിക്കുന്നു. നമ്മോടുതന്നെ നാം കർക്കശക്കാരായിരിക്കുകയും മറ്റുള്ളവരോട് കരുണയുള്ളവരായിരിക്കുകയും വേണം. മറ്റുള്ളവർ അയഞ്ഞവരോ, ഒന്നും പ്രവർത്തിക്കാതിരിക്കുകയോ, അലസരോ ആണെങ്കിൽ, ശരിയായ ഒരു രീതിയിൽ നാം അവർക്ക് താക്കീതു നൽകണം. എന്നിരുന്നാലും അപ്പോഴും നാം അവരോട് കരുണയുള്ളവരായിരിക്കണം. ചില സമയങ്ങളിൽ മറ്റുള്ളവരുമായി ഇടപെടുന്നതിൽ നാം എത്ര കർക്കശക്കാരനാകേണ്ടി വന്നാലും, അപ്പോഴും അവരോട് കരുണ കാണിക്കണം. നമ്മോടുതന്നെ നാം കർക്കശക്കാരും മറ്റുള്ളവരോട് കരുണയുള്ളവരും ആണെങ്കിൽ നമുക്ക് ഒരു ശുദ്ധഹൃദയം, ദൈവത്തോട് ഏകാഗ്രമായ ഒരു ഹൃദയം ഉണ്ടായിരിക്കും. ഒരു ശുദ്ധഹൃദയം ഉണ്ടായിരിക്കുന്നതിന്റെ പ്രതിഫലം ദൈവത്തെ കാണുന്നതാണ്. നിങ്ങളോടുതന്നെ നിങ്ങൾ കർക്കശക്കാരനും മറ്റുള്ളവരോട് നിങ്ങൾ കരുണയുള്ളവനും ആയിരിക്കുന്നത് നിങ്ങൾ അഭ്യസിക്കുമെങ്കിൽ നിങ്ങൾ ദൈവത്തെ കാണുമെന്ന് ഉറപ്പുതരുവാൻ എനിക്കു കഴിയും.

Mon

## സമാധാനം ഉണ്ടാക്കുന്നവർ

നിങ്ങൾ സമാധാനമുള്ള ഒരു വ്യക്തിയും ആയിരിക്കും. തങ്ങളോടുതന്നെ കർക്കശക്കാരും, മറ്റുള്ളവരോട് കരുണയുള്ളവരും, ദൈവത്തോട് നിർമ്മലരും സമാധാനം ഉണ്ടാക്കുന്നവരാണ്. അവർ ആരെയും വ്രണപ്പെടുത്തുവാനോ, വേദനിപ്പിക്കുവാനോ, ഹാനിവരുത്തുവാനോ ഇഷ്ടപ്പെടുന്നില്ല. മറിച്ച്, എല്ലാവരുമായും സമാധാനമുണ്ടാക്കുവാൻ അവർ ഇഷ്ടപ്പെടുന്നു. സമാധാനം ഉണ്ടാക്കുന്നവനായിരിക്കുകയെന്നാൽ നയപരനായിരിക്കുകയെന്നല്ല അർത്ഥമാക്കുന്നത്. നയപരമായിരിക്കുന്നത് വ്യാജവും കപടവുമാണ്. നാം, നയപരമായി വൃത്തമല്ല, നീതിപരമായി ചതുരമായിരിക്കണം. പുതിയ യെരുശലേം വൃത്തമല്ല, ചതുരമാണെന്ന് ഓർക്കുക.

ക്രിസ്ത്യാനികളായ നാം ഇതുപോലെയായിരിക്കണം. നാം നീതിപരമായി ചതുരമാണെങ്കിലും അപ്പോഴും മറ്റുള്ളവരോട് കരുണയുള്ളവരാണ്. ഇത് ദൈവത്തോട് നിർമ്മലരായിരിക്കുവാനും അവനെ കാണുവാനും നമ്മെ പ്രാപ്തരാക്കുന്നു. നാം അങ്ങനെയുള്ള ഒരു വ്യക്തിയാണെങ്കിൽ, സ്വമേധയാ സമാധാനം ഉണ്ടാക്കുന്നവരായിരിക്കും. മറ്റുള്ളവരോട് പോരടിക്കുകയും അവരെ വേദനിപ്പിക്കുകയും ചെയ്യുന്നതിനുപകരം നാം ഇടപെടുന്നവരുമായി നാം സമാധാനം പാലിക്കും. ഇതാണ് സമാധാനം ഉണ്ടാക്കുന്നവരായിരിക്കുന്നതുകൊണ്ട് അർഥമാക്കുന്നത്.

## ദൈവത്തിന്റെ പുത്രന്മാർ

സമാധാനമുണ്ടാക്കുന്നവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും. "ഈ ജനം മനുഷ്യരുടെ പുത്രന്മാർ മാത്രമല്ല, ദൈവത്തിന്റെ പുത്രന്മാരും ആണ്" എന്ന് നമുക്കു ചുറ്റുമുള്ളവർ പറയുമെന്ന് ഇത് അർഥമാക്കുന്നു. എല്ലാ മനുഷ്യപുത്രന്മാരും അന്യോന്യം പോരാടുന്നു, എന്നാൽ ദൈവത്തിന്റെ പുത്രന്മാർ അവരുടെ സ്വർഗീയ പിതാവിനെപ്പോലെ സമാധാനമുള്ളവരും, മറ്റുള്ളവരുമായി എപ്പോഴും സമാധാനം ഉണ്ടാക്കുന്നവരുമാണ്. റോമർ 12:18 പറയുന്നു, "സാധ്യമെങ്കിൽ, നിങ്ങളാൽ കഴിയുന്നിടത്തോളം, സകല മനുഷ്യരോടും സമാധാനത്തിൽ ജീവിക്കുവിൻ." എങ്കിലും, ഇങ്ങനെ സമാധാനം കാക്കുന്നത് പുറമെയുള്ള പെരുമാറ്റം മാത്രമായിരിക്കരുത്. അത് രാഷ്ട്രതന്ത്രമാണ്. നമ്മുടെ സമാധാനം നമ്മുടെ പ്രകൃതത്തിൽനിന്നും ഉളവാകുന്നതായിരിക്കണം. നമ്മോടുതന്നെ കർക്കശക്കാരനും മറ്റുള്ളവരോട് കരുണയുള്ളവനും, ദൈവത്തോട് നിർമ്മലനും ആയിരിക്കുന്ന ഒരു പ്രകൃതം നമുക്കുണ്ട്. ഈ പ്രകൃതം നമുക്കുള്ളതുകൊണ്ട്, മറ്റുള്ളവരുമായി നാം സ്വമേധയാ സമാധാനം പാലിക്കുന്നു. ഇത് നയപരമായ സമാധാനമുണ്ടാക്കലല്ല; ഇത് നമ്മുടെ പ്രകൃതത്തിൽനിന്നും സ്വമേധയാ വരുന്നതാണ്. "ഇവർ വാസ്തവമായും ദൈവത്തിന്റെ പുത്രന്മാരാകുന്നു" എന്നു പറയുവാൻ ഇത് മറ്റുള്ളവരെ ഇടയാക്കും.

## നീതിനിമിത്തം ഉപദ്രവം സഹിക്കുന്നു

ഈ വാക്യങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നതിന് അനുസരിച്ചുള്ള ഒരു പ്രകൃതം നമുക്കുണ്ടെങ്കിൽ, സമൂഹത്തിൽ ചിലർ നമ്മെ ഉപദ്രവിക്കും. ഈ ഉപദ്രവം രണ്ടു കാരണങ്ങൾ നിമിത്തമായിരിക്കും: നീതി നിമിത്തവും, ക്രിസ്തു നിമിത്തവും. എട്ടാമത്തെ അനുഗ്രഹം നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നതിനെയും (വാ. 10), ഒമ്പതാമത്തേത് ക്രിസ്തു നിമിത്തം ഉപദ്രവിക്കപ്പെടുന്നതിനെയും സംബന്ധിച്ചാണ് (വാ. 11-12). നീതി നിമിത്തവും

ക്രിസ്തു നിമിത്തവും എന്തിന് ജനം നമ്മെ ഉപദ്രവിക്കണം? നാം ആത്മാവിൽ ദരിദ്രരും, ഇന്നത്തെ ലോകത്തിന്റെ പ്രതിലോമ സാഹചര്യത്തിനുവേണ്ടി ആശങ്കയുള്ളവരായി അതിനെക്കുറിച്ച് വിലപിക്കുന്നവരും, അക്രമിക്കുന്നവരോടും എതിർക്കുന്നവരോടും സൗമ്യതയുള്ളവരും, നമ്മോടുതന്നെ നീതിയുള്ളവരും, മറ്റുള്ളവരോട് കരുണയുള്ളവരും, ദൈവത്തോട് നിർമ്മലരും, എല്ലാവരോടും സമാധാനം ഉണ്ടാക്കുന്നവരും ആയതുകൊണ്ടു മാത്രമാണ്. അതുകൊണ്ട്, ദുഷിച്ച സമൂഹം നമ്മോട് യോജിക്കുകയില്ല. നീതിമാന്മാരായിരിക്കുവാൻ നാം ആഗ്രഹിക്കുന്നതുകൊണ്ട്, നീതി നിമിത്തം അവർ നമ്മെ ഉപദ്രവിക്കും. നേരായിരിക്കുവാനും സത്യസന്ധരായിരിക്കുവാനും നാം ആഗ്രഹിക്കുന്നതുകൊണ്ട് അവർ നമ്മെ ഉപദ്രവിക്കും.

നീതി നിമിത്തം നാം ഉപദ്രവം സഹിക്കുന്നുവെങ്കിൽ, സ്വർഗരാജ്യം നമ്മുടേതാണ്. നീതി നിമിത്തം കഷ്ടം സഹിക്കുന്നത് സ്വർഗരാജ്യത്തിൽ പങ്കെടുക്കുന്നതിനു വേണ്ടിയുള്ള ഒരു നിബന്ധനയാണ്. നാം നീതിയിൽ നിലനിൽക്കുന്നില്ലെങ്കിൽ രാജ്യത്തിനു പുറത്താണ്. എന്നാൽ നാം നീതിയിൽ നിലനിൽക്കുന്നുവെങ്കിൽ, രാജ്യം തികച്ചും നീതിയുടെ ഒരു വിഷയമായതുകൊണ്ട്, നാം രാജ്യത്തിലാണ്. രാജ്യത്തിൽ തെറ്റോ, ന്യായരഹിതമോ, ഇരുട്ടോ ആയ യാതൊന്നുമില്ല; സകലവും നീതിയുള്ളതും വെളിച്ചവുമാണ്. ഇതാണ് രാജ്യത്തിന്റെ പ്രകൃതം. നാം ആത്മാവിൽ ദരിദ്രരായിരിക്കുമ്പോൾ സ്വർഗരാജ്യം നമ്മിലേക്കു വരുന്നു. എന്നാൽ നാം നീതിയിൽ തുടരുമ്പോൾ സ്വർഗരാജ്യം നമ്മിൽ നിലനിൽക്കുന്നു. ഈ രണ്ടു സാഹചര്യങ്ങളിലും സ്വർഗരാജ്യം നമ്മുടേതാണ്. നമുക്ക് സ്വർഗരാജ്യം ലഭിക്കണമെങ്കിൽ, നാം ആത്മാവിൽ ദരിദ്രരായി രിക്കുകയും, സ്വർഗരാജ്യം നമ്മിൽ നിലനിൽക്കണമെങ്കിൽ നാം നീതിയിൽ തുടരുകയും വേണം. എന്നാൽ നിങ്ങൾ നീതിയിൽ തുടരണമെങ്കിൽ, ഉപദ്രവത്തെ നേരിടുവാൻ ഒരുങ്ങിയിരിക്കണം. നീതിനിമിത്തം നിങ്ങൾ ഉപദ്രവിക്കപ്പെടും.

## ക്രിസ്തു നിമിത്തം നിന്ദിക്കപ്പെടുന്നു

മുഴുവൻ ലോകവും, അത് രാഷ്ട്രീയപരമോ, മതപരമോ, വിദ്യാഭ്യാസപരമോ, വാണിജ്യപരമോ, വ്യവസായപരമോ ആകട്ടെ, അത് ക്രിസ്തുവിന് എതിരാണ്. അതുകൊണ്ട്, നിങ്ങൾ ക്രിസ്തുവിനാലോ, ക്രിസ്തുവിനുവേണ്ടിയോ, ക്രിസ്തുവിനോടുകൂടെയോ ജീവിക്കുന്നുവെങ്കിൽ, നിങ്ങൾ തീർച്ചയായും നിന്ദിക്കപ്പെടുകയും നിങ്ങളെക്കുറിച്ച് ദോഷമായി സംസാരിക്കുകയും ചെയ്യും. ജനം നിങ്ങളെക്കുറിച്ച് നിരവധി കിംവദന്തികൾ പ്രചരിപ്പിക്കും. നിങ്ങൾ പ്രവർത്തിക്കുന്നത് വിദ്യാഭ്യാസ മണ്ഡലത്തിലായിരിക്കാം,

എന്നാൽ ചിലപ്പോൾ ക്രിസ്തുവിന്റെ മാർഗം പിന്തുടരുന്നതിന് മുൻഗണന നൽകുന്നതുമൂലം അവിടെ സംഭവിക്കുന്ന ചില കാര്യങ്ങളോട് സഹകരിക്കുവാൻ നിങ്ങൾ നിരസിച്ചേക്കാം. ചിലർ സാമ്പത്തിക മേഖലയിലോ വാണിജ്യ മണ്ഡലത്തിലോ ആയിരിക്കാം. എന്നാൽ അവർ ഈ മണ്ഡലങ്ങളിൽ പ്രവർത്തിക്കുമ്പോൾ, ക്രിസ്തുവിനാലും ക്രിസ്തുവിനുവേണ്ടിയും ജീവിക്കുകയും ക്രിസ്തുവിനോടുകൂടെ നീങ്ങുകയും ചെയ്യുന്നു. നിങ്ങളുടെ പ്രവർത്തനരംഗത്തിലുള്ള മറ്റുള്ളവർ എഴുന്നേറ്റ് നിങ്ങളെ സംബന്ധിച്ച് നുണയും യഥാർത്ഥമല്ലാത്ത കാര്യങ്ങളും സംസാരിച്ചുകൊണ്ട് നിങ്ങളെ ഉപദ്രവിക്കും. എന്നിരുന്നാലും, ക്രിസ്തു നിമിത്തം നിങ്ങൾ ഇത് സഹിക്കണം.

## രാജ്യത്തോടുകൂടെയുള്ള ക്രിസ്തു

ഒമ്പത് അനുഗ്രഹങ്ങളിൽ ഓരോന്നിനും ഒരു പ്രതിഫലമുണ്ട്. ഒന്നാമത്തേതിന്റെ പ്രതിഫലം സ്വർഗരാജ്യവും, രണ്ടാമത്തേതിന്റേത് ആശ്വാസവും, മൂന്നാമത്തേതിന്റേത് ഭൂമിയും, നാലാമത്തേതിന്റേത് സംതൃപ്തിയും, അഞ്ചാമത്തേതിന്റേത് കരുണയും, ആറാമത്തേതിന്റേത് ദൈവത്തെ കാണുന്നതും, ഏഴാമത്തേതിന്റേത് ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടുന്നതും, എട്ടാമത്തേതിന്റേത് സ്വർഗരാജ്യവും, ഒമ്പതാമത്തേതിന്റേത് ക്രിസ്തുവും ആണ്. നമുക്ക് ക്രിസ്തു ഉണ്ടെങ്കിൽ, നമുക്ക് സ്വർഗരാജ്യമുണ്ട്. എന്നാൽ അവൻ നമുക്കില്ലെങ്കിൽ നമുക്ക് സ്വർഗരാജ്യമില്ല. അങ്ങനെ, യഥാർത്ഥ അനുഗ്രഹം രാജ്യത്തോടുകൂടെയുള്ള ക്രിസ്തു ആണ്. ഈ അനുഗ്രഹത്തിൽ പങ്കുകൊള്ളുന്നതിന് നാം ആത്മാവിൽ ദരിദ്രരായിരിക്കുകയും, പ്രതിലോമ സാഹചര്യത്തെച്ചൊല്ലി വിലപിക്കുകയും, എതിർപ്പിനെ അഭിമുഖീകരിക്കുന്നതിൽ സൗമ്യതയുള്ളവരായിരിക്കുകയും, നമ്മോടുതന്നെ നീതിയുള്ളവരായിരിക്കുകയും, മറ്റുള്ളവരോട് കരുണയുള്ളവരായിരിക്കുകയും, ദൈവത്തോട് ഹൃദയശുദ്ധിയുള്ളവരായിരിക്കുകയും, എല്ലാവരോടും സമാധാനമുണ്ടാക്കുകയും, നീതിനിമിത്തം ഉപദ്രവം സഹിക്കുകയും, ക്രിസ്തുവിനുവേണ്ടി നിന്ദ സഹിക്കുകയും വേണം. ഇതാണ് രാജ്യജനത്തിന്റെ പ്രകൃതം. ആത്യന്തികമായി, രാജ്യജനമാണ് രാജ്യത്തിന്റെ സാക്ഷാൽ യാഥാർത്ഥ്യം. ഇതാണ് രാജ്യം; അത് ഇന്ന് സഭാജീവിതമാണ്. സഭ ഇന്ന് രാജ്യത്തിന്റെ യാഥാർത്ഥ്യമാണ്.